(ബി) ഈ കാലാവധിക്കുള്ളിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാനായില്ലെങ്കിൽ ഇതിനായുള്ള നടപടി ക്രമങ്ങൾ വീണ്ടും ആദ്യം മുതൽ വേണ്ടിവരുമെന്ന വസ്തുത കണക്കിലെടുത്ത് ഈ കാലാവധിക്കുമുമ്പായി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഇനി എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ ദേശീയപാത 17, 47 എന്നിവയുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച 3 A വിജ്ഞാപനങ്ങളിൽ പലതിന്റെയും കാലാവധി 2010 ഡിസംബർ മാസത്തിൽ അവസാനിക്കുകയാണ്. എന്നാൽ ദേശീയപാത വികസനത്തിനു വേണ്ടി സ്ഥലമേറ്റെടുക്കുന്നതു കാരണം ദുരിതമനുഭവിക്കേണ്ടിവരുന്നവർക്കുള്ള പുനരധിവാസ പാക്കേജിന്റെ കാര്യത്തിൽ നിലനില്ക്കുന്ന അനിശ്ചിതത്വം കാരണം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥയാണ്.

കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ചുള്ള റോഡ് സംരക്ഷണം

206 (803) ശ്രീ. എം. കെ. പ്രേംനാഥ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷം നീണ്ടുപോകുന്നതുകാരണം സംസ്ഥാനത്തെ റോഡുകളുടെ പുനരുദ്ധാരണം നടത്താൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) കാലാവസ്ഥ വ്യതിയാനത്തിനനുസരിച്ച് റോഡുകളുടെ സംരക്ഷണത്തിന് എന്തൊക്കെ പ്രതിവിധികളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനായി ഒരു ഇടക്കാല പദ്ധതിയും ദീർഘകാല പദ്ധതിയും വിഭാവന ചെയ്തിട്ടുണ്ട്. ഇടക്കാല പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന/ജില്ലാതല ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവൃത്തികൾ നടത്തി വരുന്നു. ദീർഘകാല പദ്ധതി നടപ്പിലാക്കുന്നതിനായി ഉന്നതതല സാങ്കേതിക സമിതിക്ക് രൂപം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly